പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 65

# 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1777/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 65

# 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 നവംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (9)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(9 എ) "ലേബർ അഡ്മിനിസ്ട്രേറ്റർ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഇൻസ്പെക്ടർമാരായി വിജ്ഞാപനം ചെയ്യപ്പെട്ട സംസ്ഥാനത്തെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(9 ബി) "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം" എന്നാൽ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ലേബർ അഡ്മിനിസ്ട്രേറ്റർമാർക്കും എല്ലാ പരിഹാരങ്ങളും ലഭ്യമാക്കുവാൻവേണ്ടി തൊഴിൽ വകുപ്പിന്റെ ഉടമസ്ഥതയിലും പ്രവർത്തനത്തിലുമുള്ള സോഫ്റ്റ് വെയർ എന്നർത്ഥമാകുന്നു;".

1777/2021.

3. 5എ-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5 എ വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, 'അപേക്ഷ ബോധിപ്പിക്കേണ്ടതാണ്' എന്ന വാക്കുകൾക്ക് മുൻപായി, "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ഈ ആക്റ്റ് പ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് മുപ്പത് ദിവസം മുമ്പ് നൽകേണ്ടതും ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകുന്നതിൻമേൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കിനൽകപ്പെടുന്നതുമാണ്.";

(3) (7)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(4) (8)-ാം ഉപവകുപ്പിൽ, "ഈ ആക്റ്റ് പ്രകാരം" എന്ന വാക്കുകൾക്ക് ശേഷം, "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2021-ലെ 123) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34) 5എ വകുപ്പ് (1)-ാം ഉപവകുപ്പ് ഏതൊരു സ്ഥാപനത്തിന്റെയും മുതലാളി ഈ ആവശ്യാർത്ഥം ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് പ്രത്യേകം പറയാവുന്ന അധികാര സ്ഥാനത്തിന് നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും ഫീസ് കൊടുത്തും ആ സ്ഥാപനത്തെ സംബന്ധിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ ബോധിപ്പിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. 5 എ വകുപ്പ് (6)-ാം ഉപവകുപ്പ് ഈ ആക്ട് പ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫീസുകൊടുത്ത് അതിന്റെ കാലാവധി അവസാനിക്കുന്നതിനു കുറഞ്ഞത് 30 ദിവസം മുമ്പ് ബോധിപ്പിക്കേണ്ടതും അപ്രകാരമുള്ള ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ള പക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ചാൽ തന്നെയും അതു സംഗതിപോലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതുവരെയോ അഥവാ അത് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതുവരെയോ നിലവിലുള്ളതായി കരുതപ്പെടേണ്ടതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. 5 എ വകുപ്പ് (7)-ാം ഉപവകുപ്പ്, ഈ ആക്ടിലെ വ്യവസ്ഥകളും അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളും സാരമായി അനുസരിച്ചിട്ടുണ്ടെന്ന് തക്ക അധികാരസ്ഥാനത്തിനു ബോദ്ധ്യമാകാത്തപക്ഷം അത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ പുതുക്കുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. 5 എ വകുപ്പ് (8 )-ാം ഉപവകുപ്പ്, തക്ക അധികാര സ്ഥാനം ഈ ആക്ട് പ്രകാരം നൽകിയതോ പുതുക്കിയതോ ആയ സർട്ടിഫിക്കറ്റു കൈവശം വയ്ക്കുന്ന ആൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം പ്രസ്തുത രജിസ്ട്രേഷൻ സർട്ടഫിക്കറ്റ് തെറ്റിദ്ധരിപ്പിച്ചു മൂലമോ അഥവാ ചതിമൂലമോ ലഭിച്ചിട്ടുള്ളതാണെന്നോ അഥവാ ഈ ആക്ടിലെയോ അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ മുതലാളി ലംഘിക്കുകയോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടുണ്ടെന്നോ അതിനു തോന്നുകയാണെങ്കിൽ ഉത്തരവുമൂലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റു റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

3. ഈസ് ഓഫ് ഡൂയിംഗ് ബിസിനസുമായി ബന്ധപ്പെട്ട് സംസ്ഥാനതല പരിഷ്കാരങ്ങളുടെ ഭാഗമായി, 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ടിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകികൊണ്ട് രജിസ്ട്രേഷൻ സ്വയം പുതുക്കുന്നതിനും സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനിൽ നടത്താനും തീരുമാനിച്ചു.

4. മേൽ പറഞ്ഞ ആവശ്യത്തിലേക്ക് 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ടിലെ 2-ാം വകുപ്പ്, 5 എ-ാം വകുപ്പിന്റെ (1), (6), (8) ഉപവകുപ്പുകൾ ഭേദഗതി ചെയ്യാനും 5 എ വകുപ്പിലെ (7)-ാം ഉപവകുപ്പ് വിട്ടുകളയാനും സർക്കാർ തീരുമാനിച്ചു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് 2020 നവംബർ 6-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 നവംബർ 9-ാം തീയതിയിലെ 2717-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 75-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.